തീരമൈത്രി പദ്ധതിയുടെ പ്രവർത്തന പുരോഗതി

24(*204) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന തീരമൈത്രി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കിയശേഷം ഇതുവരെ സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ തീരദേശമേഖലയിലെ കൂടുതൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനായി എന്തൊക്കെ പുതിയ സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) സുനാമി ദുരിതബാധിതർക്കായി ആവിഷ്കരിച്ച തീരമൈത്രി പദ്ധതിയുടെ പ്രവർത്തനം നിർവ്വഹണ ഏജൻസി തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും സമയാസമയങ്ങളിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാരും മേൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഇതിനു പുറമെ ജില്ലാ കളക്ടർ ചെയർമാൻ ആയിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അതത് ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്.

(ബി) തീരദേശ ജനങ്ങളുടെ ജീവിത പുരോഗതിക്കും വരുമാന വർദ്ധനവിനുമായി കൂട്ടായ്മയിലൂന്നിയ ഒരു സമഗ്ര പദ്ധതിയാണ് തീരമൈത്രി എന്ന പൊതു നാമധേയത്തിൽ ഫിഷറീസ് വകുപ്പിന്റെ ചുമതലയിൽ നടപ്പാക്കി വരുന്നത്. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടുകൂടി 45.25 കോടി രൂപയുടെ സുനാമി അടിയന്തര സഹായ പദ്ധതിയും 23.29 കോടി രൂപ കേന്ദ്ര സഹായത്തോടെ സുനാമി പുനരധിവാസ പദ്ധതിയും പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടെ 212186 കോടി രൂപയുടെ പദ്ധതികളുമാണ് 9 തീരദേശ ജില്ലകളിലായി നടപ്പാക്കിവരുന്നത്. ജീവനോപാധി പുനഃസ്ഥാപനം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ, പൊതുസഹായപദ്ധതികൾ (പരിശീലനങ്ങൾ, പ്രചാരണം, വിപണന സൗകര്യം ഒരുക്കൽ, ഇൻഷൂറൻസ്) എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത പദ്ധതികൾ. മേൽപ്പറഞ്ഞ ചെറുപദ്ധതികളിലൂടെ ഒരു ലക്ഷത്തിലധികം കുടുംബങ്ങൾ ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായി മാറുന്നു. ഭൂരിപക്ഷം പദ്ധതികളിലും വനിതകളാണ് ഗുണഭോക്താക്കൾ. സുനാമി ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി പുനഃസ്ഥാപനത്തിനായി മത്സ്യമേഖലയിൽ 71 തരം ചെറുപദ്ധതികൾ നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) തീരമൈത്രി പദ്ധതി പ്രകാരം ആരംഭിച്ചിട്ടുള്ള തൊഴിൽ സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തിയപ്പോൾ ആരംഭിച്ചിട്ടുള്ള എല്ലാ യൂണിറ്റുകളും മെച്ചപ്പെട്ട നിലവാരത്തിൽ പ്രവർത്തിക്കാൻ തുടർസഹായം ആവശ്യമാണ് എന്ന് കണ്ടെത്തുകയുണ്ടായി. സ്ഥിരതയുള്ള ഒരു വരുമാന മാർഗ്ഗമായി ഇപ്പോൾ ആരംഭിച്ചിട്ടുള്ളതും ഇനി ആരംഭിക്കാൻ പോകുന്നതുമായ സംരംഭങ്ങളെ മാറ്റിത്തീർക്കുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ പ്രവർത്തന പദ്ധതി രൂപപ്പെടുത്തി നടപ്പാക്കിവരുന്നു. ഈ പദ്ധതിക്കായി 2010-11 ബഡ്ജറ്റിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ഫണ്ട് വിനിയോഗം

25(*206) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി നൽകിയിരുന്ന ഫണ്ട് ഏതൊക്കെ ജില്ലകളിൽ ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്കായുള്ള അധിക ഫണ്ട് ലഭിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ടോ ;

(സി) ആദ്യ ഗഡുവിന്റെ എത്ര ശതമാനം ചെലവഴിച്ച ശേഷമാണ് അടുത്ത ഗഡുവിനായി അപേക്ഷ നൽകേണ്ടത് ;

(ഡി) ഈ പദ്ധതിക്ക് ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന വസ്തുത കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ ;

(ഇ) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എഫ്) ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതിക്കായി രണ്ടാം ഗഡു അനുവദിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നത് ?

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ട് തൃശ്ശൂർ, ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇപ്പോൾ പൂർണ്ണമായും ചെലവഴിച്ചു.

(ബി) ഉണ്ട്.

(സി) 60%.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly